

ഉദയായുടെ

# താര

സംവിധാനം:
എം. കൃഷ്ണൻനായർ

# നടീനടന്മാർ

| | | |
|---|---|---|
| സത്യൻ | — | ബാലകൃഷ്ണപിള്ള |
| നസീർ | — | വേണുഗോപാലൻ |
| ശാരദ | — | വാസന്തി<br>താര. |
| ഉമ്മർ | — | ഗോപിനാഥൻ നായർ |
| തിക്കുറിശ്ശി | — | കേശവൻ കുട്ടി. |
| അടൂർഭാസി | — | വേലുപ്പിള്ള |
| കോട്ടയം ചെല്ലപ്പൻ | — | വിക്രമൻ നായർ |
| S. P. പിള്ള | — | അയ്യപ്പൻ |
| ആലുമ്മൂട് | — | പപ്പു. |
| ജയഭാരതി | — | ഉഷ. |
| ആറന്മുള പൊന്നമ്മ | — | കമലമ്മ |
| പങ്കജവല്ലി | — | റസ്ക്യൂ ഹോമിലെ മേട്രൺ |
| അടൂർഭവാനി | — | സരസ്വതി |
| അടൂർ പങ്കജം | — | ഹോസ്റ്റൽ മേട്രൺ |
| വിജയകുമാരി | — | കാളിക്കുട്ടി |
| ലളിത | — | റസ്ക്യൂ ഹോമിലെ ഒരു അന്തേവാസി. |

കഥ - ശാരംഗപാണി

സംഭാഷണം - S. L. പുരം.  ഗാനങ്ങൾ - വയലാർ

പാടിയവർ-

യേശുദാസ്, ജയചന്ദ്രൻ, സുശീല, വസന്ത.

സംഗീതം- ദേവരാജൻ  സ്റ്റുഡിയോ- ഉദയാ

സംവിധാനം

## എം. കൃഷ്ണൻ നായർ

വിതരണം

## എക്സൽ പ്രൊഡക്ഷൻസ് ആലപ്പുഴ

THE ST. ANTONY'S PRESS, ALLEPPEY.

# താര

ഞാൻ മദ്രാസിൽ കോളേജിൽ പഠിച്ചുകൊണ്ടിരുന്ന കാലത്തു് എനിക്കൊരു കമ്പികിട്ടി. 'നീ ഉടനെ വീട്ടിലേയ്ക്കുവരിക. നിന്നെക്കാണുവാനും നിനക്കു കാണുവാനുമുള്ള ഒരു ചടങ്ങിനാണു്.' നുണ പറയണ്ടല്ലോ, ഞാൻ പറന്നാണു വീട്ടിലെത്തിയതു്. ചെറുക്കന്റെ പേരു് ഗോപിനാഥൻ നായർ [ഉമ്മർ] മിടുക്കൻ; എനിക്കു് അദ്ദേഹത്തെയും അദ്ദേഹത്തിനു എന്നെയും ഇഷ്ടപ്പെട്ടു. പരീക്ഷ കഴിഞ്ഞാൽ അടുത്ത മുഹൂർത്തത്തിൽ വിവാഹം! അതും നിശ്ചയിക്കപ്പെട്ടു.

പരീക്ഷയ്ക്കെഴുതാൻ വീണ്ടും മദ്രാസിലേയ്ക്കു് ഞാൻ കൊച്ചിൻ എക്സ്പ്രസ്സിനു പുറപ്പെട്ടു. ഞാൻ കയറിയ കമ്പാർട്ടുമെന്റിൽ ഒരാൾ ഇരിക്കുന്നു. ഞാൻ അത്ഭുതപ്പെട്ടുപോയി– എന്റെ ഭാവി വരൻ ഗോപിനാഥൻ നായർ! പ്രഥമരാത്രി വധൂവരന്മാർക്കനുഭവപ്പെടുന്ന അനുഭൂതികൾ ഞങ്ങളിലുളവാക്കി. നേരം ഇരുട്ടി വെളുക്കുന്നതിനുള്ളിൽ എന്നെ മുഴുവനായി ഞാൻ അദ്ദേഹത്തിനു സമർപ്പിച്ചുകഴിഞ്ഞിരുന്നു. പ്രഭാതത്തിൽബോംബെയിലേയ്ക്കുപോകാൻ അദ്ദേഹം ആർക്കോണത്തിറങ്ങി. നിറഞ്ഞ കണ്ണുകളോടെ ഞങ്ങൾ പിരിഞ്ഞു; വിവാഹത്തിന്റെ മംഗളകർമ്മം ഏററവും അടുത്തതാണമേ എന്നു് പ്രാർത്ഥിച്ചുകൊണ്ടു! പരീക്ഷകഴിഞ്ഞു ഞാൻ വീട്ടിലെത്തി വിവാഹനിശ്ചയത്തിനു് ചെറുക്കന്റെ വീട്ടുകാരെ പ്രതീക്ഷിച്ചു് അച്ഛനും [തിക്കുറിശ്ശി] അപ്പച്ചിയും [ആറന്മുളപൊന്നമ്മ] കാത്തിരുന്നു. അവർ വന്നെത്തി. പക്ഷേ വിവാഹനിശ്ചയത്തിനല്ലായിരുന്നു; വിവാഹം നടക്കുകയില്ലെന്നറിയിക്കാനായിരുന്നു; ചെറുക്കനു് എന്നെ ഇഷ്ടപ്പെട്ടില്ലെന്നു്.

ഞാൻ തകർന്നുവീണു. ജീവിതം ഇരുൾ നിറഞ്ഞുനിന്നു.

അദ്ദേഹം ജോലി ചെയ്യുന്ന ബോംബെയിലേയ്ക്കു് ഞാൻ മനസ്സുമായി പാഞ്ഞു. അദ്ദേഹത്തെക്കണ്ടു. എന്റെ ദുഃഖത്തിന്റെ കഥകൾ പറഞ്ഞു കേൾപ്പിച്ചു. പക്ഷേ; ട്രയിനിൽ വച്ചു് ഒന്നാകാൻ സൗകര്യം കൊടുത്ത എന്റെ സ്വഭാവത്തിൽ അദ്ദേഹം കളങ്കം കണ്ടുപിടിച്ചു. ഞാൻ നിരാശയായി മടങ്ങി. ട്രയിനിൽ നിന്നു ചാടിമരിക്കാൻ ശ്രമിച്ചതു് വിഫലമാവുകയും ചെയ്തു.

എന്റെ ഗർഭത്തെക്കുറിച്ചറിഞ്ഞ അച്ഛൻ കലിയിളകി എന്റെനേക്കു് നിറതോക്കൊഴിച്ചു. പക്ഷേ, എന്റെ അപ്പച്ചി തോക്കു തട്ടിക്കളഞ്ഞതുകൊണ്ടു ഞാൻ മരിച്ചില്ല. അന്തരീക്ഷം ശാന്ത

മായപ്പോൾ അകലെയുള്ള എസ്റ്റേററബംഗ്ലാവിൽ അച്ഛൻ എന്നെ കൊണ്ടുപോയി താമസിപ്പിച്ചു. ഞാൻ ഒരു പെൺകുഞ്ഞിനെ പ്രസവിച്ചു. അഭിമാനം തകൎന്നു പോകുമെന്നു ഭയന്ന എന്റെ അച്ഛൻ ആ കുഞ്ഞിനെ കൊണ്ടുപോയി കളയാൻ കാൎയ്യസ്ഥനായ വേലുപ്പിള്ളയെ (അടൂർഭാസി) നിയോഗിച്ചു. അയാൾ ആ കുഞ്ഞിനെ ഒരു അന്തിച്ചന്തയിൽ കിടത്തിയിട്ടു് ഓടിക്കളഞ്ഞു. ഒന്നിനൊന്നായി വന്നുകൊണ്ടിരുന്ന ആഘാതങ്ങളിൽപ്പെട്ടു് രണ്ടു വൎഷം ഞാൻ തകൎന്നുകഴിഞ്ഞു. എന്റെ സമ്മതം അന്വേഷിക്കാതെ അഡ്വക്കേററ് ബാലകൃഷ്ണനെക്കൊണ്ടു (സത്യൻ) അച്ഛൻ എന്നെ വിവാഹം ചെയ്യിച്ചു. മധുവിധുരാത്രിയിൽത്തന്നെ എന്റെ പൂൎവ്വകഥ തുറന്നു പറയാതിരിക്കാൻ എന്റെ മനഃസാക്ഷി സമ്മതിച്ചില്ല. അദ്ദേഹം അതു കേട്ടു ഞെട്ടി. എന്റെ സത്യസന്ധതയിൽ എല്ലാം മറന്നു് എന്നെ ആശ്ലേഷിച്ചു. അസൂയാൎഹമായ വിധം ഞങ്ങളുടെ വിവാഹജീവിതം സുന്ദരമായിരുന്നു. ഞങ്ങൾക്കൊരു പുത്രിയുണ്ടായി. അദ്ദേഹം സ്ഥലത്തെ പ്രമുഖനായ അഭിഭാഷകനായി. ഞാൻ നഗരത്തിലെ റസ്ക്യൂഷെൽട്ടറിലെ അഡ്വൈസറിബോർഡ് മെമ്പറായി; മഹിളാസമാജം പ്രസിഡൻറായി. മാന്യതയുടെ എല്ലാമുവല്യകളും ഞാനണിഞ്ഞു. ഞങ്ങളുടെ മകൾ ഉഷ (ജയഭാരതി) വളൎന്നു. അവൾക്കു വിവാഹപ്രായമായി. ആലോചനകൾ വന്നു. അന്നൊരുദിവസം വരന്റെ അച്ഛനും (കോട്ടയം ചെല്ലപ്പൻ) അമ്മാവനും കൂടി പെണ്ണുകാണാൻ വരുന്നു എന്നറിഞ്ഞു. ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു.

- എന്റെ അജ്ഞാതപുത്രിയുടെ കഥകൂടി നിങ്ങൾ ഇപ്പോൾ അറിഞ്ഞിരിക്കേണ്ടതുണ്ടു്. അൎദ്ധരാത്രി തെരുവിൽ കളഞ്ഞിട്ടുപോയ ആ കുഞ്ഞിനെ അതുവഴി കാളവണ്ടിയിൽ വന്ന കൊശവൻ അയ്യപ്പൻ (S.P. പിള്ള) കൊണ്ടുപോയി വളൎത്തി. മക്കളില്ലാതിരുന്ന അയ്യപ്പന്റെ ഭാൎയ്യ കാളിക്കുട്ടി (വിജയകുമാരി) അവൾക്കു താര എന്നു പേരിട്ടു. കൊശവക്കുടിലിൽ ഇവൾ വളൎന്നുവരുന്ന കാൎയ്യം എനിക്കറിഞ്ഞുകൂടായിരുന്നു. യുവതിയായ താരയും (ശാരദ) അയലത്തെ ജന്മിയുടെ പുത്രൻ വേണുഗോപാലനും (നസീർ) തമ്മിൽ പ്രണയമായി. വിവരമറിഞ്ഞ ജന്മി അയ്യപ്പനെ കഠിനമായി മൎദ്ദിച്ചു. നല്ലവനായ വേണു അച്ഛനോടും അമ്മയോടും മത്സരിച്ചു് താരയെ വിവാഹം ചെയ്യുമെന്നുറപ്പായപ്പോൾ വേണുവിന്റെ അച്ഛൻ, തന്റെ ഭാൎയ്യാ സഹോദരനായ ഗോപിനാഥൻനായരെ സമീ

പിച്ചു. അദ്ദേഹത്തെ നിങ്ങൾക്കു ഓർമ്മയുണ്ടാകും, എന്റെ കുഞ്ഞിന്റെ രഹസ്യ പിതാവു് (ഉമ്മർ). ഗോപിനാഥന്റെ സഹായത്തോടെ അവർ താരയെപ്പിടിച്ചു റസ്ക്യൂഷെൽട്ടറിൽ അടച്ചു. വേണുവും അയ്യപ്പനും താരയെ അന്വേഷിച്ചിട്ടു് യാതൊരു വിവരവുമില്ല.

റസ്ക്യൂഹോമിലെ കിണററിൽ ചാടി ആത്മഹത്യയ്ക്കു ശ്രമിച്ച താരയെ മേട്രൺ [പങ്കജവല്ലി] ഞാനും അന്തേവാസികളും ചേന്നു് രക്ഷപെടുത്തി. അന്വേഷിച്ചപ്പോൾ താര നിരപരാധിയാണെന്നുതോന്നി അവളുടെ വീട്ടിലേയ്ക്കു് ഒരു കത്തയച്ചു.

റസ്ക്യൂഹോമിന്റെ വാഷികദിവസം. താരയെക്കാണാൻ വേണുവും അയ്യപ്പനും കാളിക്കുട്ടിയും വന്നിട്ടുണ്ടു്

എന്റെമകൾ ഉഷയെ വിവാഹം ആലോചിച്ചതു് ഈ വേണുവിനായിരുന്നു. ചെറുക്കന്റെ അച്ഛനും അമ്മാവനായ ഗോപിനാഥനും എന്റെ വീട്ടിൽ വന്നു. ഗോപിനാഥനെ കണ്ടു് എന്റെ സിരകളിൽ രക്തം തിളച്ചുകയറി അയാൾ ആരാണെന്നു് ഞാൻ എന്റെ ഭർത്താവിനെ അറിയിച്ചു എന്നെ തിരിച്ചറിഞ്ഞ ഗോപിനാഥൻ നായർ ഒരുവിധത്തിൽ അവിടെനിന്നും പുറത്തിറങ്ങി.

റസ്ക്യൂഹോമിന്റെ വാർഷികയോഗത്തിലെ അദ്ധ്യക്ഷൻ, ഡി. എസ്. പി. ഗോപിനാഥൻനായരാണു്. അദ്ദേഹത്തിന്റെ ഉപക്രമത്തിനുശേഷം എന്റെ ഭർത്താവിന്റെ പ്രസംഗമായിരുന്നു. ഓഫീസ് റൂമിൽ ഏകാകിയായി ഞാൻ ചില അത്യാവശ്യ ഫയലുകൾ നോക്കുകയായിരുന്നു. ഞാൻ പ്രതീക്ഷിക്കാത്തതു സംഭവിച്ചു. ഞങ്ങളുടെ കുടുംബരഹസ്യം മുഴുവനും അദ്ദേഹം അവിടെ തുറന്നുപറഞ്ഞു. നിരപരാധിയായ എന്റെ മകൾ താരയെ വേണുവിനെക്കൊണ്ടു വിവാഹം ചെയ്യിച്ചു.

സന്തോഷവും സംഭ്രമവും സഹിച്ചുകൊണ്ടു് ഞാൻ ഇതെല്ലാം ഓഫീസ്റൂമിൽ ഇരുന്നു കേൾക്കുന്നുണ്ടായിരുന്നു. താങ്ങാനാവാത്ത വികാരഭാരം ഞാൻ ചുമക്കുന്നതായി എനിക്കുതോന്നി. എന്റെ കണ്ണുകളിൽ ഇരുട്ടുകയറി. പിന്നെ നടന്നതൊന്നും എനിക്കോർമ്മയില്ല……………………

താരയുടെ അമ്മ വാസന്തി.

**Song 1.** യേശുദാസ്

ഉത്തരായനക്കിളി പാടി ഉന്മാദിനിയെപ്പോലെ
പൊന്നും വളയിട്ട വെണ്ണിലാവെ നിന്നെ ഒന്നു ചുംബിച്ചോട്ടെ.
കുറുനിരകൾ മാടിയൊതുക്കി കുനു കുന്തൽ നിറുകയിൽ കെട്ടി
അരയിൽ ജഗന്നാഥൻ പുടവ ചുററി
മുത്തോലക്കുട ചൂടി, മൂവന്തിപ്പുഴ നീന്തി
മൺവിളക്കേന്തി വരും വെണ്ണിലാവേ
എൻ വികാരം നിന്നിൽ വന്നു നിറയുകില്ലേ — ഒരു നാൾ
മനമിഴികൾ കവിതയുണർത്തി മധുരസ്മിതം ചുണ്ടിൽ വിടർത്തി
മാറിൽ കസവുള്ള കച്ചകെട്ടി
കർപ്പൂരത്തളികയുമായ്, കസ്തൂരിത്തിലകവുമായ്
നൃത്തമാടിയാടി വരൂ പെൺകിടാവേ
എന്റെ മോഹം നിന്നിലേക്കു പകരുകില്ലേ — ഒരു നാൾ

**Song 2.** സുശീല

കാവേരിപ്പൂം തെന്നലേ കാമുണർത്തും തെന്നലെ
കാഞ്ചീപുരം പട്ടു നീ തരുമോ — എന്റെ
കല്യാണരാത്രിയിൽ നീ വരുമോ.
കളഭത്തളികകൾ വേണം - കൈയിൽ
കർണ്ണികാരപ്പൂക്കൾ വേണം
തിരുമണപ്പന്തലലങ്കരിക്കേണം തിരിയിട്ട വിളക്കുകൾ വേണം
തിരുവാഭരണങ്ങൾ വേണം അന്നു തങ്ക നാഗസ്വരം വേണം
വരനെ നീ പൂ വിരിച്ചെതിരേൽക്കേണം
ഒരു മൊഴിക്കുരവയിടേണം

**Song 3.** യേശുദാസ്

കാളിദാസൻ മരിച്ചു കണ്വമാമുനി മരിച്ചു
അനസൂയ മരിച്ചു പ്രിയംവദ മരിച്ചു ശകുന്തള മാത്രം മരിച്ചില്ല.
ദർഭകൾ പൂക്കുമീ മാലിനീ തീരത്തിൽ ഗർഭിണിയാമവളിരിക്കുന്നു
അവളുടെ മനസ്സിലെ നിത്യഹോമാഗ്നിയിൽ
ആയിരം സ്വപ്നങ്ങൾ കരിയുന്നു കാലം ചിരിക്കുന്നു.

ദുഃഖിതയാകുമീയാശ്രമ കന്യകയെ ദുഷ്ഷന്തനിപ്പോഴും മറക്കുന്നു
അണപൊട്ടിയൊഴുകുമീ യശ്രുപ്രവാഹത്തിൽ
ആയിരം മോഹങ്ങൾ തകരുന്നു കാലം ചിരിക്കുന്നു.

## Song 4

—ജയചന്ദ്രൻ

നുണക്കുഴക്കവിളിൽ നഖചിത്രമെഴുതും താരേ – താരേ
ഒളികണ്മുനകൊണ്ടു കുളിരമ്പെയ്യുന്നതാരേ – ആരേ
അനുരാഗക്കടലിൽ നിന്നമൃതുമായ്പ്പൊന്തിയതാരേ – ആരേ
മനസ്സിൽവച്ചെപ്പോഴും നീ ആരാധിക്കുന്നതാരേ – ആരേ
ചിരികൊണ്ടു പൂക്കളെ നാണത്തിൽമുക്കിയ താരേ – ആരേ
ചുടുചുംബനംകൊണ്ടു മൂടിപ്പുതപ്പിച്ചതാരേ – ആരേ
മലർക്കാലം വിടർത്തുന്ന മലരമ്പൻവളർത്തുന്നതാരേ – താരേ
മയക്കം മിഴിയടക്കുമ്പോൾ സ്വപ്നംകാണുന്നതാരേ – ആരേ
ശരൽക്കാലസന്ധ്യകൾ അണിയിച്ചൊരുക്കിയതാരേ – താരേ
സ്വയംവരപ്പന്തലിൽ മാലയിടാൻപോന്നതാരേ – ആരേ.

## Song 5

—വസന്ത.

മണ്ണിൽപ്പെണ്ണായ്പ്പിറന്നതെററിനു മാപ്പുതരൂ, മാപ്പുതരൂ
ഈശ്വരനുണ്ടെങ്കിൽ ഈശ്വരൻകൂടിയും
ഇന്നുഞങ്ങളെ കൈവെടിഞ്ഞു.
നിറഞ്ഞനിർവ്വികാരാന്ധകാരങ്ങളിൽ
നിശ്ശബ്ദഗദ്ഗദങ്ങളലിഞ്ഞു – ഞങ്ങൾതൻ
കവികൾക്കു വസന്തങ്ങളായിരുന്നു ഞങ്ങൾ
കാമുകർക്കു ദേവതകളായിരുന്നു മാറിൽപ്പടർത്തി, മടിയിൽക്കിടത്തി
മുഖസ്തുതികൊണ്ടവർ മയക്കി
വിടർന്നപ്പോൾ ഞങ്ങളുണർന്നപ്പോൾ
വില്പനവസ്തുക്കളായി – തെരുവിലെ
പൊയ്മുഖം വച്ചുകൊണ്ടീവഴിത്താരയിൽ
നിങ്ങൾ ഞങ്ങളെ കല്ലെറിഞ്ഞു.
മനുഷ്യപുത്രനെത്തേടിവന്നെത്തിയ
മഗ്ദലനമറിയങ്ങൾ ഞങ്ങൾ – ഇന്നത്തെ

# വരുന്നു!

## ഉദയായുടെ

# പഞ്ചവൻകാട്

സംവിധാനം:

## കുഞ്ചാക്കോ